കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 21 | ഫെബ്രുവരി 15 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

4 കേരള കാർഷിക സർവകലാശാല അമ്പത്തിരണ്ടാമത് സ്ഥാപിത ദിനം ആഘോഷിച്ചു

5 സംസ്ഥാനതല കർഷക മേള തൃശൂരിൽ സംഘടിപ്പിച്ചു

7 വൈഗ അഗ്രിഹാക്ക് '23 രജിസ്ട്രേഷൻ ആരംഭിച്ചു

## നൂതന സാങ്കേതിക വിദ്യകൾ കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കും – ബഹു. മുഖ്യമന്ത്രി




നൂതന സാങ്കേതിക വിദ്യകളുടെ വളർച്ച എല്ലാ മേഖലയിലും എന്നതുപോലെ കാർഷിക മേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കും. കേരളത്തിന്റെ കാർഷിക മുന്നേറ്റത്തിന് ഈ സാങ്കേതികവിദ്യകൾ പരീക്ഷിക്കാനും കർഷക സമൂഹത്തിലേക്ക് എത്തിക്കുന്നതിനും ആർ എ ആർ എസ് പിലിക്കോട് പോലുള്ള സ്ഥാപനങ്ങൾവളരെ വലിയ പങ്കാണ് വഹിക്കുന്നത് എന്ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു. പിലിക്കോട് ഉത്തര മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം (ആർ.എ.ആർ.എസ്.) ഫാം കാർണിവൽ- സഫലം 2023 ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു ബഹു. മുഖ്യമന്ത്രി.

കാർഷിക രംഗം വളരുന്നത് ഉൽപാദന മികവിലൂടെ മാത്രമല്ല ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ആക്കി വിപണനം ചെയ്യുന്നതിലൂടെ കൂടിയാണ്. അതിനായി അഗ്രി ബിസിനസ് വിപണിയുടെ സാധ്യതകൾ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്ലൗഡ് കമ്പ്യൂട്ടിംഗ് പോലുള്ള നൂതന സാങ്കേതിക വിദ്യകൾ ഇന്ന് കാർഷിക രംഗത്ത് പ്രയോജനപ്പെടുത്തുന്നുണ്ട്. ആഗോളതാപനം കാലാവസ്ഥ വ്യതിയാനം എന്നിവ ഇന്ന് നാം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ്. കാർഷിക രംഗത്തെ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകളും നൂതന സാങ്കേതികവിദ്യകളുടെ ശരിയായ പ്രയോഗവും അത്യന്താപേക്ഷിതമാണ്.

മാറുന്ന ലോകക്രമത്തിൽ കാർഷികമേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങളെ ഊർജ്ജസ്വലതയോടെ ഏറ്റെടുക്കുന്നതിനും ശാസ്ത്രീയ കൃഷി രീതി അവലംബിക്കുന്നതിനും കർഷകരും കൃഷിയുദ്യോഗസ്ഥരും മറ്റു അനുബന്ധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും തയ്യാറാവണം. കാർഷിക വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം തന്നെ കാർഷികമേഖലയിൽ നിക്ഷേപവും കൊണ്ടുവരേണ്ടതുണ്ട്. ആധുനിക കൃഷി രീതി അവലംബിക്കുന്നതിലൂടെ ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുവാൻ നമുക്ക് കഴിയണം. മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അധ്യക്ഷത വഹിച്ചു. കാർഷിക മേഖലയിലെ മാ

ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്

റ്റങ്ങൾ ഉൾക്കൊണ്ടാണ് കൃഷിവകുപ്പ് മുന്നോട്ട് പോകുന്നത്. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് വളരെ പ്രാധാന്യമാണ് നൽകുന്നത്. വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ കേരളത്തിൽ യാഥാർത്ഥ്യമായി. കർഷകരുടെ കാർഷിക ഉത്പന്നങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങളും ലോക വിപണിയിലേക്ക് എത്തിക്കാനായി കേരള അഗ്രോ ബിസിനസ് കമ്പനി ഉടൻ യാഥാർത്ഥ്യമാകും. നിലവിലുള്ള ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് നൂറിൽപരം ഫാം പ്രോഡക്ടുകൾ ഉടൻ വിപണിയിൽ എത്തിക്കും. ലോകത്തിന്റെ ഏതു കോണിലും കേരളത്തിന്റെ ഫാം പ്രോഡക്റ്റ് നിഷ്പ്രയാസം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകും. കൃഷിമന്ത്രി ശ്രീ. പി പ്രസാദ് അറിയിച്ചു.

പിലിക്കോട് ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അതി വിപുലമായാണ് ഫാം കാർണിവൽ- സഫലം 2023 ഒരുക്കിയിരിക്കുന്നത്.

വിവിധ കൃഷിയിട പ്രദർശനങ്ങൾ, വിവിധ സസ്യ മാതൃക തോട്ടങ്ങൾ, തെങ്ങ്,നെല്ല് ഉടങ്ങിയവയുടെ വൈവിധ്യത പ്രദർശിപ്പിക്കുന്ന ബയോപാർക്കുകൾ, സെൽഫി പോയിന്റ്, ശീതകാല പച്ചക്കറികൾ, കിഴങ്ങ് വർഗ്ഗ വിളകളുടെയും ഔഷധങ്ങളുടെയും ശേഖരങ്ങൾ, ശാസ്ത്ര പ്രദർശനം, പുഷ്പ- ഫലപ്രദർശനം, കർഷകർക്കായുള്ള കാർഷിക സെമിനാറുകൾ,പരിശീലന പരിപാടികൾ, വളർത്തു മൃഗങ്ങളുടെ പ്രദർശനം, ബയോ ഫാർമസി, ടെക്നോളജി ഡെമോൺസ്ട്രേഷൻ, ഐ.എസ്. ആർ. ഒ യുടെ സ്പെയ്സ് ഓൺ വീൽസ്, വിവിധ അഗ്രോ നഴ്സറികൾ, യോഗ മെഡിറ്റേഷൻ സംവിധാനങ്ങൾ, വിവിധ കലാപാരിപാടികൾ, അമ്യൂസ്മെന്റ് പാർക്ക്, ഫുഡ് കോർട്ടുകൾ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനമേള, നടീൽ വസ്തുക്കളുടെ പ്രദർശനവും വില്പനയും, ആധുനിക കാർഷിക ഉപകരണങ്ങളുടെ പ്രദർശനവും വിവിധ സർക്കാർ സർക്കാർ ഇതര സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉൾപ്പെടുത്തി നൂറോളം സ്റ്റാളുകളും ആർ. എ.ആർ.എസ് ഫാം ഷോ യുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ആര്യ കെ സ്വാഗതം പറഞ്ഞു. കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ സക്കീർ ഹുസൈൻ, കാർഷിക സർവകലാശാല കംപ്ട്രോളർ ശ്രീ. വി. ചന്ദ്രൻ, കാർഷിക സർവകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. മധു സുബ്രഹ്മണ്യൻ, കാർഷിക സർവകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. ജേക്കബ് ജോൺ എന്നിവർ പ്രസംഗിച്ചു. കാസർഗോഡ് എം.പി ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ, മുഖ്യാതിഥിയായി. തൃക്കരിപ്പൂർ നിയോജകമണ്ഡലം എം എൽ എ ശ്രീ. എം രാജഗോപാലൻ ആർ എ ആർ എസ് സ്റ്റാൾ ഉദ്ഘാടനം ചെയ്തു. പയ്യന്നൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. മധുസൂദനൻ ടി. ഐ കാർഷിക പരിശീലനങ്ങളുടെയും കാർഷിക സെമിനാറുകളുടെയും ഉദ്ഘാടനം നിർവഹിച്ചു. ഫാം കാർണിവൽ വിവിധ മത്സര വിജയികൾക്കുള്ള സമ്മാനദാനം കാസറഗോഡ് ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേന നിർവഹിച്ചു. കാസർഗോഡ് ജില്ലാ കലക്ടർ ശ്രീ. ഭണ്ഡാരി സ്വാഗത് റൺവീർ ചന്ദ്, കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. സിന്ധു കുമാരി ജി. എസ്, കാസർഗോഡ് ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീ. പ്രകാശ് പുത്തൻ മഠത്തിൽ, ജനറൽ കൗൺസിൽ അംഗങ്ങൾ, അക്കാദമിക് കൗൺസിൽ അംഗങ്ങൾ, സർവകലാശാലയിലെയും മറ്റു വകുപ്പുകളിലെയും ഉന്നത ഉദ്യോഗസ്ഥർ, ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ, കർഷകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ആർ. എ.ആർ.എസ്. അസോസിയേറ്റ് പ്രൊഫസർ ശ്രീ. പി.കെ. രതീഷ് നന്ദി പറഞ്ഞു.

# പി.എം കിസാൻ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ട നടപടികൾ

പിഎം കിസാൻ (പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി) 13 -ാം ഗഡു ലഭിക്കുന്നതിന് ഉണഭോക്താക്കൾ, ബാങ്ക് അക്കൗണ്ട് ആധാർ സീഡിംഗ്, ഇ കെ വൈ സി, പി എഫ് എം എസ് ഡയറക്ട് ബെനെഫിറ്റ് ട്രാൻസ്ഫറിനായി ബാങ്ക് അക്കൗണ്ട് സജ്ജീകരിക്കുക ഉടങ്ങിയവ നിർബന്ധമായും 2023 ഫെബ്രുവരി 10 ന മുൻപായി പൂർത്തീകരിക്കണമെന്ന് സ്റ്റേറ്റ് നോഡൽ ഓഫീസർ അറിയിച്ചു. ഈ നടപടികൾ പൂർത്തീകരിക്കാത്ത ഉണഭോക്താക്കൾ അടുത്തുള്ള പോസ്റ്റ് ഓഫീസ് സന്ദർശിച്ച് ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് അക്കൗണ്ട് ഉടങ്ങുന്നതിലൂടെ പി എം കിസാൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാവുന്നതാണ്

# കാർഷിക സംരംഭകർക്ക് വഴികാട്ടിയാകുവാൻ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഡി.പി.ആർ ക്ലിനിക്കുകൾ തുടർ പദ്ധതിയാക്കും : കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്



കാർഷിക സംരംഭകർക്ക് വഴികാട്ടിയാകുക എന്ന ലക്ഷ്യത്തിൽ വൈഗ 2023 ന്റെ ഭാഗമായി കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ഡി.പി. ആർ ക്ലിനിക് ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉത്ഘാടനം ചെയ്തു. കാർഷിക മേഖലയിലെ സംരംഭകത്വ വികസനത്തിന് മുതൽക്കൂട്ടാകുകയാണ് വൈഗ 2023 ഡി പി ആർ ക്ലിനിക് വഴി ലക്ഷ്യമിടുന്നതെന്നും, തുടർന്നും രണ്ട് മാസ ഇടവേളകളിൽ ക്ലിനിക്ക് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. പ്രാവർത്തികമല്ലാത്ത പ്രൊജെക്ടുകൾ തയ്യാറാക്കുന്നതു കാരണം കാർഷിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധന മേഖലയിൽ വിശദമായ പദ്ധതി രേഖയുടെ പ്രാധാന്യത്തെകുറിച്ച് ക്ലിനിക് ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മൂല്യ വർദ്ധിത കാർഷിക ഉത്പന്നങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഉടൻ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ 'കേരൾ ആഗ്രോ' ബ്രാൻഡിൽ എത്തിക്കുമെന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. കൃഷി വകുപ്പ് ഫാമുകൾ, ജൈവ ഉത്പാദന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ 100 ഉത്പന്നങ്ങളായിരിക്കും ഓൺലൈൻ വിപണിയിൽ ആദ്യഘട്ടത്തിൽ ലഭ്യമാക്കുക. അടുത്ത ഘട്ടത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ കൂടി ബ്രാൻഡിൽ ഉൾപ്പെടുത്തി ഓൺലൈനിൽ ലഭ്യമാക്കും.

കാർഷിക മൂല്യ വർദ്ധന ശൃംഖലയുടെ വികസനം എന്ന ആശയത്തിൽ കേരള സർക്കാർ കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന ആറാമത് വൈഗയോടനുബന്ധിച്ചാണ് ഡി പി ആർ ക്ലിനിക് തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ചത്. ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ സംരംഭകർക്കും അവരവരുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിജയകരമാക്കുന്നതിനും ആവശ്യമായ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി പി ആർ) നൽകുന്നതിനോടൊപ്പം, സർക്കാർ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം നേടാനും അവസരം ലഭിക്കും. വിവിധ സംരംഭകരും, ഈ മേഖലയിലെ ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും, സാങ്കേതിക വിദഗ്ധരും ക്ലിനിക്കിൽ പങ്കെടുക്കുന്നുണ്ട്. നാല് ദിവസമായി നടക്കുന്ന ക്ലിനിക്കിന്റെ ആദ്യ ദിവസത്തിൽ 15 സംരംഭകരുടെ ആശയങ്ങളാണ് വിദഗ്ധ സമിതി വിശകലനം ചെയ്തത്. 4 ദിവസത്തെ ക്ലിനിക്കിലൂടെ 50 സംരംഭകരുടെ ആശയങ്ങളെ വിശകലനം ചെയ്ത് അവരുടെ സംരംഭങ്ങൾക്ക് വഴികാട്ടിയാകുന്ന വിശദമായ പദ്ധതി രേഖ (ഡി പി ആർ) തയ്യാറാക്കും. അവരവരുടെ സംരംഭങ്ങൾക്ക് ഉതകുന്ന ഡി പി ആർ വൈഗയുടെ വേദിയിൽ വച്ച് വിതരണം ചെയ്യും.

കൃഷി വകുപ്പ് ഡയറക്ടർ കെ എസ് അഞ്ജു ഐ എ എസ് അധ്യക്ഷയായ യോഗത്തിൽ സമേതി ഡയറക്ടർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. കാർഷിക വില നിർണ്ണയ ബോർഡ് ചെയർമാൻ ശ്രീ. രാജശേഖരൻ, കാർഷിക സർവ്വകലാശാലയിലെ സാമ്പത്തിക ശാസ്ത്രവിഭാഗം ശാസ്ത്രജ്ഞർ, കേന്ദ്ര കാർഷിക റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധർ, അഗ്രിക്കൾച്ചർ ഫിനാൻസ് കോർപറേഷൻ പ്രതിനിധികൾ, സംസ്ഥാന തല ബാങ്കേഴ്സ് പ്രതിനിധികൾ, SFAC കേരളയുടെ പ്രതിനിധികൾ, കാർഷിക അടിസ്ഥാന സൗകര്യ നിധിയുടെ പ്രതിനിധികൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, വിവിധ സംരംഭകർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. എസ് എഫ് എ സി പ്രൊജക്റ്റ് മാനേജർ ആശാ രാജ് യോഗത്തിനു നന്ദി പറഞ്ഞു.

# കേരള കാർഷിക സർവകലാശാല അമ്പത്തിരണ്ടാമത് സ്ഥാപിത ദിനം ആഘോഷിച്ചു

കേ കേരള കാർഷിക സർവകലാശാല അമ്പത്തിരണ്ടാമത് സ്ഥാപിത ദിനം ആഘോഷിച്ചു. സർവ്വകലാശാലയിൽ നടന്ന സ്ഥാപിത ദിനാ ദിനാഘോഷം സർവകലാശാല വൈസ് ചാൻസലർ ഡോക്ടർ കെ. ആര്യ ഉദ്ഘാടനം ചെയ്തു .സംസ്ഥാനത്തിന്റെ ഭക്ഷ്യ പോഷക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കാർഷിക സർവകലാശാലയുടെ മാതൃകാപരമായ ഗവേഷണ ഫലങ്ങൾ കൊണ്ട് സാധ്യമായതായി വൈസ് ചാൻസലർ പറഞ്ഞു. പുതിയ ഇനങ്ങളുടെയും സസ്യ സംരക്ഷണ രീതികളുടെയും വിള ഉൽപാദന സമ്പ്രദായങ്ങളുടെയും വികസനത്തിലൂടെയാണ് സംസ്ഥാനത്തെ കർഷകരെ കാർഷിക സർവകലാശാല കൈപിടിച്ചുയർത്തിയതെന്ന് ഡോക്ടർ ആര്യ പറഞ്ഞു. കാലാവസ്ഥാ വ്യതിയാനവും അതിനോടൊപ്പമുള്ള മറ്റു വെല്ലുവിളികളും നേരിടുന്നതിന് അനുയോജ്യമായ പുതിയ വിള ഇനങ്ങളും മറ്റു സാങ്കേതികവിദ്യകളും വികസിപ്പിക്കുന്നതിനാണ് കാർഷിക സർവകലാശാല മുൻഗണന നൽകുന്നത് എന്ന് വൈസ് ചാൻസിലർ വ്യക്തമാക്കി. പ്രകൃതി സൗഹൃദ വിളയാരോഗ്യ പരിപാലനം, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം, സംയോജിത കൃഷി പരിപാലനം, മൂല്യ വർദ്ധനം, സംരംഭകത്വ വികസനം എന്നിവിടങ്ങളിലും സർവ്വകലാശാല പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട് എന്ന് ഡോക്ടർ ആര്യ വ്യക്തമാക്കി. കാർഷിക മേഖലയിലെ പുത്തൻ സാങ്കേതികവിദ്യകളായ നാനോ ടെക്നോളജി, ബയോടെക്നോളജി, ഇൻറർനെറ്റ് ഓഫ് തിങ്ങ്സ് എന്ന ടെക്നോളജികളിൽ ഗവേഷണം നടത്തുന്നതിന് സെൻറർ ഫോർ ട്രാൻസിലേഷനൽ റിസർച്ച് എന്ന സംവിധാനത്തിന്റെ പണിപ്പുരയിലാണ് സർവകലാശാല എന്നും വൈസ് ചാൻസിലർ അറിയിച്ചു. സർവകലാശാല രജിസ്ട്രാർ ഡോ. എ .സക്കീർ ഹുസൈൻ അധ്യക്ഷൻ വഹിച്ച ചടങ്ങിൽ, ഗവേഷണ വിഭാഗം മേധാവി ഡോ. മധു സുബ്രഹ്മണ്യൻ, വിദ്യാഭ്യാസ വിഭാഗം മേധാവി ഡോ.എസ്.ഗോപകുമാർ വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജേക്കബ് ജോൺ എന്നിവരും പങ്കെടുത്തു.

# സീഡ് കം ഫെർട്ടിലൈസർ ഡ്രില്ലിന് കാർഷിക സർവകലാശാലക്കു പേറ്റന്റ്

കേ സീഡ് കം ഫെർട്ടിലൈസർ രൂപകല്പനക്ക കേന്ദ്ര സർക്കാരിന്റെ പേറ്റന്റ് ഓഫീസിൽ നിന്നും പത്തു വർഷത്തേക്ക് കേരള കാർഷിക സർവകലാശാലക്ക് ഡിസൈൻ രജിസ്ട്രേഷൻ ലഭിച്ചു.

ഉഴുതു നിരപ്പാക്കിയ വെള്ളക്കെട്ടില്ലാത്ത കരപ്രദേശങ്ങളിൽ വരികളായി വിത്തും വളപ്രയോഗവും ഒരുമിച്ച ചെയ്യാൻ കഴിയുന്ന യന്ത്രമാണ് സീഡ് കം ഫെർട്ടിലൈസർ ഡ്രിൽ. വിളകളുടെ ആവശ്യകത അനുസരിച്ച് ചെടികൾ തമ്മിലുള്ള അകലവും ഇടയകലവും ഈ യന്ത്രത്തിൽ ക്രമീകരിക്കാവുന്നതാണ്. ഒരു മണിക്കൂറിൽ ഒരു അടി ഇടയകലത്തിൽ പത്തു സെൻറ് സ്ഥലത്തു വിളകൾ നടാൻ സാധിക്കും. ഇടയകലം പാലിച്ചു വിളകൾ നടുന്നത് കളനിയന്ത്രണം ഉൾപെടെയുള്ള വിള പരിപാലനമുറകൾക്കു പ്രയോജനകരമാകും. സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ക്കുവരക്, എള്ള്, നെല്ല്, നിലക്കടല, ചോളം തുടങ്ങിയ





വ്യത്യസ്ത വലുപ്പത്തിലുള്ള വിത്തുകൾ ഇടയകലം പാലിച്ചു നടുന്നതിനു ഈ യന്ത്രം ഉപകാരപ്രദമാകും. ഏകീകൃത ആഴത്തിൽ ചാലുകൾ തുറന്നു, വെവ്വേറെ അറകളിൽ സംഭരിച്ച വിത്തും വളവും നിശ്ചിത അളവിൽ ചാലുകളിൽ നിക്ഷേപിച്ച് മണ്ണ് കൊണ്ട് മൂടുന്നതാണു ഈ യന്ത്രത്തിന്റെ പ്രവർത്തന ശൈലി. വെള്ളായണി കാർഷിക കോളേജിലെ വിളപരിപാലന വിഭാഗത്തിലെ ശാസ്ത്രജ്ഞരായ ഡോ. ജേക്കബ് ഡി., ഡോ. ഷീജ കെ. രാജ്, ഡോ. ശാലിനി പിള്ളൈ, ഗവേഷണ വിദ്യാർത്ഥികളായ നവ്യശിഖാ ബി., സ്നേഹ എസ്. ആർ., അരുണിമ ബാബു, നമിത വി.വി. അടങ്ങിയ സംഘത്തിന്റെ ഗവേഷണ ഫലമാണ് യന്ത്ര രൂപകല്പനയിലേക്കു നയിച്ചത്.യന്ത്രത്തിൻറെ കാര്യക്ഷമതാ മൂല്യനിർണ്ണയ പരീക്ഷണങ്ങൾ നടത്തിയതു തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിലെ ഫാം മെഷിനറി ടെസ്റ്റിംഗ് സെന്ററിൽ ആണ്

# അമേരിക്കയിലെ ഒക്ലഹോമാ സർവകലാശാലയുമായി കേരളവെറ്ററിനറി & അനിമൽ സയൻസ് സർവകലാശാല ധാരണാപത്രം ഒപ്പിട്ടു




അമേരിക്കയിലെ ഒക്ലഹോമാ സർവകലാശാലയും കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയും തമ്മിൽ സഹകരിച്ച് വർത്തിക്കാൻ ധാരണയായി. രണ്ട് സർവ്വകലാശാലകളും മൃഗ ചികിത്സാരംഗത്തും അധ്യാപക വിദ്യാർത്ഥി മാനവശേഷി വികസനത്തിലും ഒരുമിച്ച് പ്രവർത്തിക്കുന്നതിനാണ് തീരുമാനം ആയിരിക്കുന്നത്. അമേരിക്കയിലെ ഒക്ലഹോമാ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഒക്ലഹോമാസ്റ്റേറ്റ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് വെറ്ററിനറി മെഡിസിൻ മൃഗചികിത്സ ഗവേഷണരംഗത്ത് മികവ് പുലർത്തുന്ന സ്ഥാപനമാണ്. മൃഗസംരക്ഷണ പരിപാലന ചികിത്സാരംഗത്തെ വിവിധ ഗവേഷണങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടത്തുന്ന വെറ്ററിനറി സർവകലാശാലയ്ക്ക് ഇത്തരം കൂട്ടായ പ്രവർത്തനങ്ങൾ കൂടുതൽ മികവ് നൽകും. ഇരു സർവകലാശാലകളിലെയും വിദ്യാർത്ഥികൾപരസ്പരംക്യാമ്പസുകൾ സന്ദർശിച്ച് പാഠ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാണ് തീരുമാനമായിട്ടുള്ളത്.

സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി വി.കെ.ഐ.ഡി.എഫ്.റ്റി സെമിനാർ ഹാളിൽ 14/02/2023 നടന്ന ചടങ്ങിൽ രജിസ്ട്രാർ ഡോ.പി. സുധീർ ബാബുവും ഒക്ലഹോമാസ്റ്റേറ്റ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് വെറ്ററിനറി മെഡിസിൻ ഡീൻ ഡോ.ജെറിമലയറും ധാരണപത്രങ്ങൾ ഒപ്പുവച്ച് കൈമാറി. സംസ്ഥാനത്തെ ക്ഷീരകർഷകർക്കും മൃഗസംരക്ഷണ സംരംഭങ്ങൾക്കും ഏറെ ഗുണകരമായ ഒട്ടനവധി നൂതനസാങ്കേതിക വിദ്യകൾ വികസിപ്പിക്കാൻ ഈ സഹകരണം ഉപകരിക്കും. സർവകലാശാലയുടെ അക്കാദമികഗവേഷണ വിഭാഗം ഡയറക്ടർ ഡോ.സി.ലത നേതൃത്വം നൽകി. സർവകലാശാല എൻട്രി പ്രിണർഷിപ്പ്/സംരംഭകത്വ വികസന വിഭാഗം ഡയറക്ടർ ഡോ. ടി. എസ്സ്രാജീവ്, ഫാക്കൽറ്റി ഡീൻമാരായ ഡോ.കെ. വിജയകുമാർ, ഡോ.എസ്.എൻരാജകുമാർ, സർവകലാശാല അന്താരാഷ്ട്ര സഹകരണ കോഡിനേറ്റർ ഡോ. ജി. രാധിക, ഡോ.എസ്.പ്രമോദ് എന്നിവർ പങ്കെടുത്തു.

# സംസ്ഥാനതല കർഷക മേള തൃശൂരിൽ സംഘടിപ്പിച്ചു

നാളികേര വികസന ബോർഡിന്റേയും കേരള കാർഷിക സർവ്വകലാശാലയുടേയും സംയുക്താഭിമുഖ്യത്തിൽ നാളികേര കർഷകർക്കായുള്ള സംസ്ഥാനതല കേര കർഷക മേള വെള്ളാനിക്കര സെൻട്രൽ ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു. മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ബി. ഹനമന്ത ഗൗഡയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച ചടങ്ങിൽ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ. സക്കീർ ഹുസൈൻ മേളയുടെ ഉൽഘാടന കർമ്മം നിർവ്വഹിച്ചു. കേരളത്തിലെ നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ കർഷകർ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഉൽഘാടന പ്രസംഗത്തിൽ എടുത്തു പറഞ്ഞു. നാളികേര അനുബന്ധ ഉൽപന്നങ്ങളുടെ വിപണനത്തിൽ കർഷകർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സൂചിപ്പിച്ചു. ഇതിനായി നാളികേര വികസന ബോർഡും കേരള കാർഷിക



സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും ഒത്തൊരുമിച്ച പ്രവർത്തിക്കേണ്ടതുണ്ട്.

കേരളത്തിലെ ഓരോ ഗ്രാമപഞ്ചായത്തിലും നാളികേര മൂല്യ വർദ്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു സംരംഭകനെയെങ്കിലും ഉയർത്തിക്കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയാണ് മേള സംഘടിപ്പിക്കുന്നത് എന്ന് മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ബി. ഹനുമന്ത ഗൗഡ പറഞ്ഞു. നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. പ്രമോദ് പി. കുര്യൻ ചടങ്ങിന് സ്വാഗതം ആശംസിച്ചു.

കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജേക്കബ് ജോൺ മുഖ്യ പ്രഭാഷണം നടത്തി. പ്രസംഗത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഫാം - പ്ലാൻ അധിഷ്ഠിത സംയോജിത കൃഷിയുടെ ഗുണങ്ങളെക്കുറിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രം അസ്സോസിയേറ്റ് പ്രൊഫസ്സർ ഡോ. അനീന ഇ. ആർ. ചടങ്ങിന് നന്ദി രേഖപ്പെടുത്തി.

തെങ്ങു കൃഷി പരിപാലനം, രോഗ - കീടനിയന്ത്രണം, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ എന്നിവയുടെ സെമിനാറുകൾ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ശാസ്ത്രജ്ഞരായ ഡോ. അബ്ദുൾ ഹാരിസ് എ, ഡോ. അനീസ് കെ. എം, പടന്നക്കാട് കാർഷിക കോളേജ് അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ. സുജാത ആർ, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. രശ്മി ഡി.എസ്. ഉടങ്ങിയവർ നയിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി 800ഓളം കർഷകർ പരിപാടിയിൽ പങ്കെടുത്തു.

# പട്ടികജാതി ഉപപദ്ധതി പ്രോഗ്രാം സംഘടിപ്പിച്ചു

കേരള കാർഷിക സർവകലാശാലയിലെ വെള്ളാനിക്കര കാർഷിക കോളേജിലെ കാർഷിക കാലാവസ്ഥ വിഭാഗം, അഖിലേന്ത്യ ഏകോപിത കാർഷിക കാലാവസ്ഥ ഗവേഷണ പദ്ധതിയുടെയും, കാലാവസ്ഥ പ്രതിരോധ കൃഷിയെക്കുറിച്ചുള്ള ദേശീയ കണ്ടുപിടുത്തങ്ങൾ എന്ന പദ്ധതിയുടെയും ഭാഗമായി പട്ടികജാതി കർഷകർക്ക് പട്ടികജാതി ഉപപദ്ധതി പ്രോഗ്രാം സംഘടിപ്പിച്ചു. വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോ.മണി ചെല്ലപ്പൻ അധ്യക്ഷത വഹിച്ച ചടങ്ങ് കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ.കെ.ആര്യ ഉദ്ഘാടനം ചെയ്തു. കാർഷിക കോളേജിലെ കാർഷിക കാലാവസ്ഥ വിഭാഗം മേധാവി ഡോ.ബി.അജിത്കുമാർ സ്വാഗതം പറഞ്ഞു. കാർഷിക മേഖലയുടെ ശാ




ക്തീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ ഇരുപത്തിരണ്ട് പട്ടികജാതി കർഷകർക്ക് പുല്ലുവെട്ടി യന്ത്രം, തെങ്ങുകയറ്റ യന്ത്രം, സ്പ്രേയർ, പുല്ലുവീശി, അരിവാൾ, റബ്ബർ കുട്ട ഉടങ്ങിയ കാർഷികോപകരണങ്ങൾ വിതരണം ചെയ്തു. പ്രസ്തുത കാർഷികോപകരണങ്ങളുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച് ഫാം മാനേജർമാരായ ശ്രീ.ഗംഗാധരൻ, ശ്രീമതി.ദീപ എന്നിവർ ടി കർഷകർക്ക് പരിശീലനം നൽകി. കാർഷിക കാലാവസ്ഥ വിഭാഗത്തിലെ അധ്യാപകരായ ശ്രീമതി ലിൻസി ഡേവിസ്, ശ്രീ അർജ്ജുൻ വൈശാഖ് എന്നിവർ ആശംസകൾ നേർന്നു.

# വൈഗ അഗ്രിഹാക്ക് '23 – രജിസ്ട്രേഷൻ ആരംഭിച്ചു

കൃഷിവകുപ്പ് വകുപ്പ് സംഘടിപ്പിക്കുന്ന വൈഗ - അഗ്രിഹാക്കത്തോൺ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികൾ, സ്റ്റാർട്ടപ്പുകൾ, പൊതുജനങ്ങൾ (പ്രൊഫഷണലുകൾ, കർഷകർ) എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തപ്പെടുന്ന കാർഷികരംഗത്തെ ഏറ്റവുംവലിയ ഹാക്കത്തോൺ ആണ് വൈഗഅഗ്രിഹാക്ക് 23. അഗ്രിഹാക്കിൽ പങ്കെടുക്കുന്നവർക്ക് കാ ർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും വികസിപ്പിക്കുവാനും അവസരം ലഭിക്കും. കാർഷിക സാങ്കേതിക വിദഗ്ധരുടെ പിന്തുണയോടെ പരിഹാര മാർഗ്ഗങ്ങൾ മികവുറ്റതാക്കാനുള്ള മികച്ച അവസരം ഹാക്കത്തോൺ വഴിസൃഷ്ടിക്കുകയും, വിജയികൾക്ക് സർട്ടിഫിക്കറ്റ്, ക്യാഷ്അവാർഡുകളോടൊപ്പം കാർഷിക മേഖലയിലെ സംരംഭകരായി ഉയർന്നുവരുന്നതിനുള്ള സഹായങ്ങളും ലഭിക്കും.

36 മണിക്കൂർ നീണ്ടുനിൽക്കുന്ന പ്രശ്നപരിഹാര മത്സരത്തിൽ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ വിഭാഗങ്ങൾ ഉണ്ടായിരിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികൾ, സ്റ്റാർട്ടപ്പുകൾ, പൊതുജനങ്ങൾ (പ്രൊഫഷണലുകൾ, കർഷകർ) എന്നീ മൂന്ന വിഭാഗങ്ങളിലായാണ് മത്സരം നടത്തുന്നത്. 3 മുതൽ 5 പേർ അടങ്ങുന്ന ടീമുകൾക്ക് മേല്പ്പറഞ്ഞ വിഭാഗങ്ങളിൽ ഓൺ ലൈനായി അപേക്ഷിക്കാവുന്നതാണ്. ഹാക്കത്തോണിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ 2023 ഫെബ്രുവരി 12നു മുമ്പായി അഗ്രിഹാക്ക് പോർട്ടൽ (www.vaigaagrihack.in) വഴി രജിസ്റ്റർ ചെയ്യേണ്ടതും, തെരഞ്ഞെടുത്ത പ്രശ്നങ്ങളുടെ പരിഹാര മാർഗ്ഗങ്ങൾ സമർപ്പിക്കേണ്ടതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച 30 ടീമുകൾക്ക് 2023 ഫെബ്രുവരി 25 മുതൽ 27 വരെ തിരുവനന്തപുരം, വെള്ളായണി കാർഷികകോളേജിൽ നടക്കുന്ന അഗ്രിഹാക്കിൽ പങ്കെടുക്കാൻ കഴിയും. കൂടുതൽ വിവരങ്ങള്ക്ക് 9383470061, 9383470025 ൽ ബന്ധപ്പെടാവുന്നതാണ്.

# വൈഗ 2023 B2B മീറ്റിന്റെ രജിസ്ട്രേഷൻ ഫെബ്രുവരി 8 വരെ

കേരളസർക്കാർ കൃഷിവകുപ്പ് നടത്തുന്ന വൈഗ 2023ൽ ഉല്പാദക-സംരംഭക മീറ്റിന്റെ (B2B മീറ്റ്) രജിസ്ട്രേഷൻ ഫെബ്രുവരി 8 വരെ. 2023 ഫെബ്രുവരി 28 നു തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന വൈഗ B2B മീറ്റിൽ പങ്കെടുക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, കാർഷിക ഉല്പാദന സംഘടനകൾ (FPO), കൃഷി അനുബന്ധ മൈക്രോസ്മാൾ മീഡിയം സംരംഭങ്ങൾ, എക്സ്പോർട്ടേഴ്സ്, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവർക്ക് www.vaigakerala.com എന്ന വെബ്സൈറ്റ് വഴി സൗജന്യമായി രജിസ്റ്റർ ചെയ്യാം.

കാർഷിക മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ അസംസ്കൃത ഉൽപന്നങ്ങളും, മൂല്യവർദ്ധിത ഉൽപന്നങ്ങളുംവിൽക്കാനും വാങ്ങാനും ഉദ്ദേശിക്കുന്ന ഉത്പാദകരേയും ഉപഭോക്താക്കൾ/സംരംഭകരേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഇതുവഴി ലക്ഷ്യമിടുന്നു. ഇതിനായി അന്നേദിവസം വ്യക്തിഗത മീറ്റിംഗ് ക്രമപ്പെടുത്തി നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 9387877557, 9846831761 നമ്പറുകളിൽ ബന്ധപ്പെടുക.

# ജലം പാഴാക്കാതെ ചെടികളെ കൂൾ ആക്കാം

**വിഷ്ണു. എസ്.പി.,**
അഗ്രികൾച്ചറൽ ഓഫീസർ,
ഫാം ഇൻഫർമേഷൻ ബ്യൂറോ

വേനൽ കടുക്കുന്നു. ജലനിരപ്പും താഴുന്നു. വെയിൽ സമയത്ത് പുറത്തിറങ്ങരുതെന്ന നിർദേശം നിരന്തരം ലഭിക്കുന്നുണ്ട്. എന്നാൽ പുറത്തു നിൽക്കുന്ന ചിര സ്ഥായിയായ നമ്മുടെ കാർഷിക വിളകളെയോ? അവയെ എന്ത് ചെയ്യും.?

ലഭ്യമായ ജലമുപയോഗിച്ച് വിവിധ കാർഷികവി വിളകളെ വരൾച്ചയുടെ പരിധിയിൽ നിന്നും എങ്ങനെ പ്രതിരോധിച്ചു നിർത്താമെന്നു നോക്കാം.

**പച്ചക്കറി വിളകൾ**

- ജലസേചനം ആവശ്യത്തിനുമാത്രം നൽകുക. രാവിലെയോ വൈകുന്നേരങ്ങളിലോ മാത്രമായി ജലസേചനം ക്രമപ്പെടുത്തുക.
- ചെടികളിൽ തളിയ്ക്കുന്നതിനു പകരം ചുവട്ടിൽ മാത്രം ജലസേചനം നൽകുന്നത് ജലനഷ്ടം കുറയ്ക്കും.
- വരൾച്ചാ പ്രതിരോധത്തിന് 'വാം'.

പച്ചക്കറി വിത്തുകൾ/ തൈകൾ നടുന്നതിന് മുമ്പ് ഒരു നുള്ള് 'വാം' കൾച്ചർ കുഴികളിൽ ഇട്ടശേഷം അതിനുമുകളിൽ നടാവുന്നതാണ്. ചെടികളുടെ വേരിനു ചുറ്റും മൈക്കോറൈസ എന്നറിയപ്പെടുന്ന 'വാം' ഒരു ആവരണമായി വളരുകയും ആഴത്തിൽ വളരുന്ന കമിൾ വേരുകൾ ഭൂമിക്ക് അടിയിൽ നിന്നും ജലം ആഗിരണം ചെയ്തു ചെടികളെ ഒരു പരിധിവരെ വരൾച്ചയിൽ നിന്നും പ്രതിരോധിച്ച്



നിലനിർത്തുന്നു. കൃഷിവകുപ്പിന്റെ ഇക്കോഷോപ്പുകളിലും കാർഷിക സർവകലാശാലയുടെ വിൽപ്പന കേന്ദ്രങ്ങളിലും 'വാം' കൾച്ചർ ലഭ്യമാണ്.

- **മെച്ചപ്പെട്ട ഉത്പാദനത്തിനും കാര്യക്ഷമമായ ജലവിനിയോഗത്തിനും തിരിനന സംവിധാനം.**

ചെറിയതോതിൽ കൃഷി ചെയ്യുന്നവർക്ക് ജലവിനിയോഗം പരമാവധി കുറയ്ക്കുന്നതിന് ഈ സംവിധാനം സഹായകരമാണ്. നടീൽ മിശ്രിതം നിറച്ച ചാക്കിനു ചുവട്ടിൽ കൂടി തിരി( wick )കടത്തി വയ്ക്കുകയാണ് ചെയ്യുന്നത്. തിരിയുടെ ഒരഗ്രം ജലത്തിലും ഇറക്കി വയ്ക്കുന്നു. ചെടിയുടെ ആവശ്യാനുസരണം താഴെയുള്ള ജലസ്രോതസ്സിൽ നിന്ന് തിരിവഴി മണ്ണിലേക്ക് ജലം വലിച്ചെടുക്കപ്പെടുന്നു.

- **വരൾച്ചാ പ്രതിരോധത്തിന് പി പി എഫ് എം ( PPFM) ജീവാണു ലായനി.**

പിങ്ക് പിഗ്മെന്റഡ് ഫാക്കൽറ്റേറ്റീവ് മെത്തിലോട്രോഫ് എന്നറിയപ്പെടുന്ന ഈ സൂക്ഷ്മാണുക്കൾക്ക് വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള കഴിവുമുണ്ട്. ബാക്ടീരിയൽ ജീവാണു ലായനി ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി ഇലകളിൽ തളിക്കുകയാണ് വേണ്ടത്. നല്ല വരണ്ട കാലാവസ്ഥ ആണെങ്കിൽ 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. വൈകുന്നേരങ്ങളിലാണ് ഇത് തളിക്കേണ്ടത്. മറ്റു രാസവസ്തുക്കൾ ഇതോടൊപ്പം ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.

- **ചാണക സ്ലറിയും വരൾച്ച പ്രതിരോധത്തിന് ഉത്തമം**

വളരെ നേർപ്പിച്ച് ചാണക സ്ലറി ഇലകളിൽ തളിക്കാവുന്നതാണ്.

**തയ്യാറാക്കുന്ന വിധം**

ചാണകവും ശർക്കരയും ചേർത്താണ് ഈ കൂട്ട് നിർമ്മിക്കുന്നത്. 40 കിലോ ചാണകവും 4 ലിറ്റർ കഞ്ഞിവെള്ളവും രണ്ട് കിലോഗ്രാം ശർക്കരയും നന്നായി കലർത്തി ഒരു ചണച്ചാക്കിൽ നിറച്ച്



200 ലിറ്റർ കപ്പാസിറ്റിയുള്ള ബാരലിൽ മുക്കാൽഭാഗം വെള്ളം നിറച്ച് വെള്ളത്തിൽ മുങ്ങി കിടക്കുന്ന വിധത്തിൽ തൂക്കിയിടുക. 48 മണിക്കൂർ പുളിപ്പിച്ച ശേഷം ലായനി അരിച്ചെടുത്ത് 10% വീര്യത്തിൽ ചെടികളിൽ തളിക്കാനായി ഉപയോഗിക്കാവുന്നതാണ്. സ്യൂഡോമോണാസ് ഇതോടൊപ്പം കലർത്തി പ്രയോഗിക്കുന്നത് അത്യുത്തമം( 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ).

- **പച്ചക്കറി വിളകൾക്ക് ചുവട്ടിൽ ജൈവ പുതപ്പ് ഉറപ്പാക്കുക.**

## വാഴ

- ബാഷ്പീകരണ ജലനഷ്ടം കുറയ്ക്കുന്നതിനായി പഴുത്തതും കരിഞ്ഞതുമായ ഇലകൾ മുറിച്ച് മാറ്റുക.
- വാഴ കന്നുകൾ നടുന്നതിനുമുമ്പ് 50 ഗ്രാം 'വാം' കൾച്ചർ കുഴികളിൽ ഇട്ട ശേഷം നടുക.
- കണിക ജലസേചനം വാഴ കൃഷിക്ക് വളരെ ഫലപ്രദമാണ്.
- തടത്തിൽ പയർ വർഗ്ഗ വിളകൾ നല്ലൊരു ആവരണമായി വളർത്തി പുതയിടീൽ സാധ്യമാക്കാം. വൻപയർ, ചെറുപയർ, മുതിര,ഉഴുന്ന് എന്നിവയെല്ലാം തന്നെ കാർഷിക വിളയായി വളർത്താവുന്നതാണ്.

പയർ വിത്തുകൾ വളർത്തുന്നതിനൊപ്പം കരിയിലകൾ കൊണ്ട് പുതയിട്ടു കൊടുത്താൽ വളരെ നല്ലത്. കിളിർത്തുവരുന്ന പയർ വിത്തുകൾ പിന്നീട് ഒരു ആവരണമായി നിലവിലുള്ള ജൈവ പുതയോടൊപ്പം വളർന്നുകൊള്ളും.

## തോട്ടവിളകൾ

- തെങ്ങിന്റെ കാര്യത്തിൽ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും വിളയിൽ നിന്നുള്ള ആദായത്തിനും കണിക ജലസേചനം അഭികാമ്യം.
- ഏറ്റവും താഴത്തെ 3-5 ഓലകൾ മുറിച്ചുമാറ്റി ബാഷ്പീകരണ നഷ്ടം കുറയ്ക്കുക.
- പച്ചില വളച്ചെടികൾ തടങ്ങളിൽ ആവരണ വിളയായി വളർത്തുക.
- രണ്ടുവർഷം വരെ തണൽ ക്രമീകരണം അനിവാര്യം.

വേനൽ അധികമായാൽ പ്രായം കുറഞ്ഞ ചെടികൾക്ക് പ്രത്യേക സംരക്ഷണം നൽകേണ്ടതാണ്. തെക്കുപടിഞ്ഞാറൻ വെയിൽ അടിക്കാതിരിക്കാൻ തണൽ നൽകിയാൽ മതി. റബ്ബർ, കുരുമുളക്, തെങ്ങിൻതൈകൾ,മറ്റു വൃക്ഷതൈകൾ എന്നിവയ്ക്ക് ഈ പരിപാലനം നൽകേണ്ടതാണ്.

- **തൊണ്ട് അടുക്കൽ**

ദീർഘകാലം ജലം സംഭരിച്ചു വയ്ക്കാൻ തൊണ്ട് അടുക്കൽ പ്രയോജനകരമായിരിക്കും.തെങ്ങിന് ചുറ്റും അര മീറ്റർ വീതിയിലും താഴ്ചയിലും ചാലുകൾ കീറി മൂന്നോ നാലോ അടുക്കുകളായി തൊണ്ടുകൾ മലർത്തിവെച്ച് മണ്ണിട്ട് മൂടുകയും ഏറ്റവും മുകളിലത്തെ അടുക്ക് കമിഴ്ത്തി വെച്ച് പൂർത്തിയാക്കുകയും ചെയ്യാം. വർഷങ്ങളോളം ഇതിന്റെ പ്രയോജനം നിലനിൽക്കും.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Padmam S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh